

ടി. ആരിഫലി

# നിശ്ശബ്ദരാക്കപ്പെട്ടവർ ശബ്ദിച്ചു തുടങ്ങുന്നു

## വൈവിധ്യങ്ങളെ ഉൾക്കൊള്ളുന്ന ലോക്സഭ രൂപപ്പെടണം

**ലോക്സഭാ തെരഞ്ഞെടുപ്പിന്റെയും ജമാഅത്തിന്റെ രാഷ്ട്രീയ പാർട്ടി രൂപീകരണത്തിന്റെയും പശ്ചാത്തലത്തിൽ കേരളാ അമീർ ടി. ആരിഫലി *പ്രബോധനം* പ്രതിനിധിയുമായി സംസാരിക്കുന്നു**

***പതിനഞ്ചാം ലോക്സഭയിലേക്കുള്ള തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചിരിക്കുകയാണല്ലോ. എന്താണ് ജമാഅത്തെ ഇസ്‌ലാമിയുടെ തീരുമാനം?***

ലോക്സഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ജമാഅത്തിന്റെ തീരുമാനം അഖിലേന്ത്യാ നേതൃത്വമാണ് പ്രഖ്യാപിക്കേണ്ടത്. ജമാഅത്ത് കേന്ദ്ര പൊളിറ്റിക്കൽ സെൽ ഇതുമായി ബന്ധപ്പെട്ട് പ്രാഥമിക യോഗങ്ങൾ നടത്തിക്കഴിഞ്ഞു. ഫാസിസ്റ്റ് വിരുദ്ധവും സാമ്രാജ്യത്വ വിരുദ്ധവുമായ രാഷ്ട്രീയമാണ് ജമാഅത്തിന്റെ പ്രഖ്യാപിത രാഷ്ട്രീയ ലൈൻ. കഴിഞ്ഞ തെരഞ്ഞെടുപ്പുകളെയെല്ലാം ഈ നിലയിൽ തന്നെയാണ് പ്രസ്ഥാനം കൈകാര്യം ചെയ്തത്. പുതിയ തെരഞ്ഞെടുപ്പിൽ ആ നയം എങ്ങനെ ഏറ്റവും പ്രായോഗികമായി നടപ്പിലാക്കാം എന്നാണ് പ്രസ്ഥാനം ആലോചിച്ചു കൊണ്ടിരിക്കുന്നത്.

***പക്ഷേ, ആ നയങ്ങൾ തെരഞ്ഞെടുപ്പ് രാഷ്ട്രീയത്തിൽ പ്രയോഗിക്കുമ്പോൾ എങ്ങനെയിരിക്കും. അതിലായിരിക്കുമല്ലോ ജനങ്ങൾക്ക് താൽപര്യം?***

പ്രധാനമായും ഫാസിസ്റ്റ് കക്ഷിയായ ബി.ജെ.പിക്കും അവരുടെ മുന്നണി സംഘടനകൾക്കുമെതിരെ മതേതര അവർഗീയ വോട്ടുകൾ സമാഹരിക്കുക എന്നതായിരിക്കും അതിൽ പ്രധാനം. മതേതര വോട്ടു

കൾ ഭിന്നിച്ചുപോവാതിരിക്കാൻ ജമാഅത്ത് പരമാവധി ശ്രമിക്കും. കഴിഞ്ഞ പൊതുതെരഞ്ഞെടുപ്പ് കാലത്ത് പല ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലും ജമാഅത്ത് ഇത് ഫലപ്രദമായി നടപ്പാക്കിയിട്ടുണ്ട്.

***ബി.ജെ.പിക്കെതിരെയുള്ള പ്രധാന പ്രതിപക്ഷം ദേശീയതലത്തിൽ ഇന്ന് കോൺഗ്രസാണ്. ഫലത്തിൽ കോൺഗ്രസിന് വോട്ടു ചെയ്യുക എന്നല്ലേ അതിന്റെ അർഥം?***

തീർച്ചയായും കോൺഗ്രസാണ് ദേശീയ തലത്തിൽ ബി.ജെ.പിക്കെതിരെ നിൽക്കാവുന്ന ഏറ്റവും വലിയ മതേതര കക്ഷി. പക്ഷേ, കോൺഗ്രസിന്റെ ലഘു ഹിന്ദുത്വ സമീപനങ്ങളും സാമ്രാജ്യത്വ ദാസ്യ നടപടികളും രാജ്യസ്നേഹികളായ ജനങ്ങൾക്കിടയിൽ വലിയ പ്രയാസം സൃഷ്ടിക്കുന്നുണ്ട്. കോൺഗ്രസിതര മതേതര കക്ഷികളുടെ പാർലമെന്റിലെ സാന്നിധ്യം വർധിപ്പിക്കുകയും അവയുടെ വിലപേശൽ ശക്തി വർധിക്കുകയും ചെയ്യണമെന്ന് ജമാഅത്ത് ആഗ്രഹിക്കുന്നു. വ്യത്യസ്ത പ്രാദേശിക-മതേതര കക്ഷികളും ഇടതുപക്ഷവും ചേർന്നുള്ള ശക്തമായൊരു സമ്മർദ്ദ ശക്തി കേന്ദ്രത്തിലുണ്ടാവണമെന്നാണ് നമ്മൾ ആഗ്രഹിക്കുന്നത്. കോൺഗ്രസിന്റെ ഏകപക്ഷീയ നയങ്ങളെ ബാലൻസ് ചെയ്യുന്ന ഒരു ഘടകമായി വർത്തിക്കാൻ അവർക്ക് കഴിയും. ഒപ്പം ഇന്ത്യയുടെ വൈവിധ്യത്തെ ഏറ്റവും ഫലപ്രദമായി പ്രതിഫലിപ്പിക്കുന്നതും അത്തരമൊരു സംയുക്തമായിരിക്കും.

***പക്ഷേ, കേരളത്തിലേക്ക് വരുമ്പോൾ ഈ ദേശീയ നയം എങ്ങനെയാണ് നടപ്പാക്കുന്നത്. ഇവിടെ ബി.ജെ.പി രാഷ്ട്രീയമായി തീർത്തും അപ്രസക്തമാണ്. കോൺഗ്രസും ഇടതും തമ്മിലാണല്ലോ മത്സരം?***

പ്രസക്തമാണ് ഈ ചോദ്യം. മതേതരമായ അടിത്തറകളിൽ നിൽക്കുന്ന രണ്ട് കക്ഷികളാണ് ഇവിടെ നേർക്കുനേർ ഏറ്റുമുട്ടുന്നത്. ദേശീയ നയത്തിൽ നിന്നുകൊണ്ട് അത് കേരളത്തിൽ എങ്ങനെ അപ്ലൈ ചെയ്യണമെന്ന് സംഘടന ആലോചിച്ചുകൊണ്ടിരിക്കുകയാണ്. കോൺഗ്രസിന്റെ സാമ്രാജ്യത്വ അനുകൂല നയങ്ങളും ദേശീയ തലത്തിൽ സ്വീകരിച്ച മൃദുഹിന്ദുത്വ നയങ്ങളും ഈ വിശകലനത്തിൽ പ്രധാനമാവും. അന്തർദേശീയ തലത്തിൽ നടക്കുന്ന ഭീകരതാ വിരുദ്ധയുദ്ധത്തിന്റെ മറപിടിച്ച് മുസ്‌ലിം ചെറുപ്പക്കാരെ വ്യാജ ഏറ്റുമുട്ടലുകളിലൂടെ കൊല്ലുന്ന പതിവ് യു.പി.എ ഭരണകാലത്ത് രാജ്യത്ത് വ്യാപകമായിരുന്നു. മൊസാദ് ഇന്ത്യൻ ആഭ്യന്തരരംഗത്ത് നടത്തുന്ന ഇടപെടലുകൾ വ്യക്തമായതാണ്. ന്യൂനപക്ഷ സമൂഹത്തിനിടയിൽ അത് സൃഷ്ടിക്കുന്ന അരക്ഷിതാവസ്ഥയും നാം കണ്ടതാണ്. ഈ വിഷയങ്ങളിൽ കൃത്യമായ നിലപാട് സ്വീകരിക്കുന്നതിൽ കോൺഗ്രസ് നേതൃത്വം പരാജയപ്പെട്ടു. മാത്രവുമല്ല, കേന്ദ്ര സുരക്ഷാ ഉപദേഷ്ടാവിനെപ്പോലെ പ്രത്യക്ഷമായിത്തന്നെ അമേരിക്കൻ-ഇസ്രയേൽ നയം പിന്തുടരുന്ന ഉദ്യോഗസ്ഥരാണ് പലപ്പോഴും കാര്യങ്ങൾ നിയന്ത്രിച്ചത്. അതിനെ ചെറുക്കുന്നതിൽ ഇടതുപക്ഷം പരിമിതമായതാണെങ്കിലും ഒരു പങ്ക് വഹിച്ചിട്ടുണ്ട്. അതേ സമയം, കേരളത്തിൽ ന്യൂനപക്ഷങ്ങളുമായി ബന്ധപ്പെട്ട പല വിഷയങ്ങളിലും, പ്രത്യേകിച്ചും ന്യൂനപക്ഷ വിദ്യാഭ്യാസ വിഷയങ്ങളിൽ ഇടതുപക്ഷം സ്വീകരിച്ച നിലപാടുകൾ ആശാവഹമല്ല. സമൂഹത്തിൽ വലിയൊരു വിഭാഗത്തെ അത് നിരാശപ്പെടുത്തിയിട്ടുണ്ട്. അത് മനസ്സിലാക്കാനുള്ള ശ്രമം പോലും ഇടതുപക്ഷം നടത്തിയിട്ടുമില്ല. അപ്പോൾ ഇവയെല്ലാം കണക്കിലെടുത്തുകൊണ്ടുള്ള നിശിതമായ നിരൂപണങ്ങളും താരതമ്യങ്ങളും ആവശ്യമാണ്. തീർച്ചയായും ഈ കാഴ്ചപ്പാടുകളെ സമാഹരിച്ച് ജമാഅത്ത് സംസ്ഥാന നേതൃത്വം ഉചിതമായ രാഷ്ട്രീയ നിലപാട് ഉടൻ പ്രഖ്യാപിക്കും.

**കേരളത്തിൽ ന്യൂനപക്ഷങ്ങളുമായി ബന്ധപ്പെട്ട പല വിഷയങ്ങളിലും, പ്രത്യേകിച്ചും ന്യൂനപക്ഷ വിദ്യാഭ്യാസ വിഷയങ്ങളിൽ ഇടതുപക്ഷം സ്വീകരിച്ച നിലപാടുകൾ ആശാവഹമല്ല. സമൂഹത്തിൽ വലിയൊരു വിഭാഗത്തെ അത് നിരാശപ്പെടുത്തിയിട്ടുണ്ട്. അത് മനസ്സിലാക്കാനുള്ള ശ്രമം പോലും ഇടതുപക്ഷം നടത്തിയിട്ടുമില്ല. അപ്പോൾ ഇവയെല്ലാം കണക്കിലെടുത്തുകൊണ്ടുള്ള നിശിതമായ നിരൂപണങ്ങളും താരതമ്യങ്ങളും ആവശ്യമാണ്. തീർച്ചയായും ഈ കാഴ്ചപ്പാടുകളെ സമാഹരിച്ച് ജമാഅത്ത് സംസ്ഥാന നേതൃത്വം ഉചിതമായ രാഷ്ട്രീയ നിലപാട് ഉടൻ പ്രഖ്യാപിക്കും.**

***ജമാഅത്തിന്റെ രാഷ്ട്രീയ പാർട്ടി രൂപീകരണം എവിടം വരെയെത്തി?***

രാഷ്ട്രീയ പാർട്ടി രൂപീകരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സജീവമായി മുമ്പോട്ടുപോവുകയാണ്. അതിന്റെ ഹോംവർക്കുകൾ നടന്നുകൊണ്ടിരിക്കുന്ന ഘട്ടമാണിത്.

***ജനുവരിയിൽ രൂപീകരിക്കുമെന്ന് പ്രഖ്യാപിച്ച പാർട്ടി ഇതുവരെയും വന്നില്ല; ഇക്കാര്യത്തിൽ ജമാഅത്തിൽ ആഭ്യന്തര ഭിന്നതയുണ്ട് എന്ന തരത്തിൽ പത്രവാർത്തകൾ വരികയുണ്ടായി. എന്താണ് വസ്തുതകൾ?***

ജനുവരിയിൽ പാർട്ടി രൂപീകരിക്കുമെന്ന് പ്രഖ്യാപിച്ചിട്ടില്ല. ഈ ലോക്സഭാ തെരഞ്ഞെടുപ്പിന് ശേഷമേ ഉണ്ടാവൂ എന്നാണ് തുടക്കം മുതലേ പറഞ്ഞത്. പാർട്ടി രൂപീകരണവുമായി ബന്ധപ്പെട്ട ഉപസമിതി ജനുവരിയിൽ റിപ്പോർട്ട് നൽകുമെന്നും അത് കേന്ദ്ര സമിതി ചർച്ചചെയ്ത് തീരുമാനിക്കുമെന്നുമാണ് ജമാഅത്ത് ദേശീയ നേതൃത്വം പ്രഖ്യാപിച്ചിരുന്നത്.

രാഷ്ട്രീയ പാർട്ടി രൂപീകരണമെന്നത് ജമാഅത്ത് കേന്ദ്ര നേതൃത്വം ആലോചിച്ചെടുത്ത തീരുമാനമാണ്. അതിന്റെ ഘടനയും സ്വഭാവവും മറ്റും രൂപപ്പെടുത്താനാണ് ഉപസമിതിയെ നിശ്ചയിച്ചത്. ഉപസമിതിയുടെ റിപ്പോർട്ട് ചർച്ച ചെയ്ത കേന്ദ്ര കമ്മിറ്റിയിൽ റിപ്പോർട്ട് ഇനിയും സമഗ്രമാകണമെന്ന അഭിപ്രായമാണുണ്ടായത്. അതിനാൽ ഉപസമിതിയുടെ പ്രവർത്തനം രണ്ടു മാസത്തേക്കുകൂടി നീട്ടി നൽകുകയാണുണ്ടായത്. സംഘടനാ തലത്തിൽ അതിന്റെ പണികൾ ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്. വിവിധ സംസ്ഥാനങ്ങളിൽനിന്ന് അഭിപ്രായങ്ങൾ സമാഹരിച്ചുകൊണ്ടിരിക്കുന്നു. ഏപ്രിൽ ഒടുവിൽ കേന്ദ്ര പ്രതിനിധിസഭ (മജ്‌ലിസെ നുമാഇന്തഗാൻ) ചേരുന്നുണ്ട്. ജമാഅത്ത് ജനാധിപത്യ രീതിയിൽ പ്രവർത്തിക്കുന്ന പ്രസ്ഥാനമാണ്. എല്ലാവിധ അഭിപ്രായ വൈവിധ്യങ്ങളെയും പരിഗണിച്ചും ആദരിച്ചുമാണ് അത് കാര്യങ്ങൾ മുന്നോട്ടു നീക്കുന്നത്. അത്തരമൊരു പ്രസ്ഥാനത്തിൽ ഇത് സ്വാഭാവികവുമാണ്. ഇതിനെ ഭിന്നതയായി ചിത്രീകരിക്കുന്നവർക്ക് മറ്റു താൽപര്യങ്ങൾ കാണും.

***പക്ഷേ, ഇക്കാര്യത്തിൽ തുടക്കത്തിലുണ്ടായിരുന്ന ധൃതിയും വേഗതയും ഇപ്പോൾ ഇല്ലെന്ന് ചിലർക്കെങ്കിലും തോന്നുന്നില്ലേ?***

തുടക്കത്തിലേ ധൃതിയുണ്ടായിരുന്നില്ല എന്നതാണ് കാര്യം. ജമാഅത്ത് അതിന്റെ പ്രകൃതമനുസരിച്ച് തന്നെ വളരെ അവധാനതയോടെ കാര്യങ്ങൾ നീക്കുന്ന പ്രസ്ഥാനമാണ്. എങ്ങനെയെങ്കിലും തട്ടിക്കൂട്ടി ഒരു രാഷ്ട്രീയ പ്രസ്ഥാനം രൂപീകരിക്കണമെന്ന് അത് ആഗ്രഹിക്കുന്നില്ല. രൂപീകരിക്കുന്ന പാർട്ടി ശക്തവും ഭദ്രവുമായിരിക്കും. അത് ഇന്ത്യയിലെ ശബ്ദമില്ലാത്തവരുടെ മുഴങ്ങുന്ന ശബ്ദമായിരിക്കും.

പിന്നെ, സുപ്രധാനമായൊരു കാര്യം. ജമാഅത്ത് രാഷ്ട്രീയം മാത്രം കൈകാര്യം ചെയ്യാനുള്ള ഒരു പ്രസ്ഥാനമല്ല. സമഗ്രമായൊരു പ്രസ്ഥാനമാണത്. അതിന്റെ പ്രവർത്തന മേഖല അതിബൃഹത്തും വിപുലവുമാണ്. ഇസ്‌ലാമിക പ്രബോധനം, സാമൂഹിക സംസ്കരണ പ്രവർത്തനങ്ങൾ, ജനങ്ങളുടെ സാമൂഹികവും സാമ്പത്തികവുമായ ശാക്തീകരണം, സ്ത്രീകളുടെ പദവി ഉയർത്തൽ, വിദ്യാഭ്യാസം, സാക്ഷരത, പത്ര പ്രസിദ്ധീകരണങ്ങൾ എന്നുതുടങ്ങി വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ ഏറ്റെടുത്ത ഒരു പ്രസ്ഥാനമാണത്. അരനൂറ്റാണ്ടു കാലമായി ബഹുമുഖ മേഖലകളിൽ പ്രവർത്തിക്കുകയും രാജ്യത്തിനു തന്നെ വമ്പിച്ച സംഭാവനകൾ അർപ്പിക്കുകയുമാണ്. നോക്കൂ, രാജ്യത്തിന്റെ ഏത് ഭാഗത്താണ് ജമാഅത്തിന്റെ പ്രവർത്തനങ്ങൾ എത്താത്തതായി ഉള്ളത്? ഏത് മേഖലയാണ് ജമാഅത്ത് കൈവെക്കാത്തതായി ഉള്ളത്? രാജ്യത്തെ എല്ലാ സംസ്ഥാനങ്ങളിലും ഘടകങ്ങളും സംവിധാനങ്ങളും പ്രസിദ്ധീകരണാലയങ്ങളുമുള്ള അപൂർവം പ്രസ്ഥാനങ്ങളിലൊന്നാണിത്. രാജ്യത്തെ അംഗീകൃത ഭാഷകളിൽ മിക്കതിലും അതിന് പ്രസിദ്ധീകരണാലയങ്ങളുണ്ട്. മേഘാലയയിലെ ഗോത്ര വർഗക്കാരുടെ ഭാഷയായ ഖാസിയിൽ, സിക്കുകാരുടെ ഭാഷയായ ഗുരുമുഖിയിൽ തുടങ്ങി മലയാളത്തിൽ വരെ ഏതാണ്ടെല്ലാ ഭാഷകളിലും ജമാഅത്ത് ഖുർആൻ പരിഭാഷകൾ പുറത്തിറക്കി. രാജ്യത്തെ ലക്ഷക്കണക്കിന് ജനങ്ങൾക്ക് അത് സന്മാർഗത്തിന്റെ വെളിച്ചം നൽകുന്നു. കോടിക്കണക്കിന് രൂപയുടെ സേവന പ്രവർത്തനങ്ങളാണ് പ്രസ്ഥാനം രാജ്യമെമ്പാടും നടത്തുന്നത്. ഇപ്പോഴും ഗുജറാത്തിലെ ജമാഅത്തിന്റെ ലീഗൽ സെൽ നൂറു കണക്കിന് കലാപക്കേസുകളുടെ നടത്തിപ്പിലാണ്. ഝാർഖണ്ഡിലെ ആദിവാസികൾക്കിടയിൽ, മണിപ്പൂരിലെ ഗോത്രവർഗക്കാർക്കിടയിൽ തുടങ്ങി ഇന്ത്യൻ നഗരങ്ങളിലെ ഉന്നത കലാലയങ്ങളിൽ വരെ ജമാഅത്തിന്റെ വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ നടക്കുന്നു. മഹത്തായ ഈ പ്രവർത്തനങ്ങൾ എല്ലാം അഭംഗുരം തുടരവെ തന്നെയാണ് രാഷ്ട്രീയ പാർട്ടി എന്നൊരു ആശയം ജമാഅത്ത് പരിഗണനക്കെടുക്കുന്നത്. അതിന് അതിന്റേതായ കനമുണ്ടാവും, ഒപ്പം സാവകാശവും.

**രാജസ്ഥാനിലെ മുസ്‌ലിം ഫോറം, ഝാർഖണ്ഡിലെ മില്ലി യുണൈറ്റഡ് ഫ്രണ്ട്, കർണാടകയിലെ മുത്തഹിദ മഹാസ്, ആന്ധ്രയിലെ മുസ്‌ലിം യുണൈറ്റഡ് ഫ്രണ്ട് തുടങ്ങിയവയുടെയെല്ലാം നേതൃസ്ഥാനത്തുള്ളത് അതാതിടങ്ങളിലെ ജമാഅത്ത് അമീറുമാരാണ്. യു.പിയിൽ ഈയിടെ മൗലാനമാരുടെ നേതൃത്വത്തിൽ മുസ്‌ലിം രാഷ്ട്രീയ പാർട്ടികൾ ദിനേനയെന്നോണം രൂപപ്പെടാൻ തുടങ്ങിയപ്പോൾ അവക്കിടയിൽ ഐക്യവും കോ–ഓർഡിനേഷനും ഉണ്ടാക്കാൻ ഓടിനടക്കുന്നത് അവിടത്തെ ജമാഅത്ത് നേതൃത്വമാണ്. ദേശീയവും വിശാലവുമായ കാഴ്ചപ്പാടുള്ള ഒരു പ്രസ്ഥാനമാണിത്. ഈ കാഴ്ചപ്പാടില്ലാത്തവർ കേരളം തന്നെയാണ് ഉലകം എന്നു കരുതുമ്പോഴാണ് വിമർശനങ്ങൾ വരുന്നത്.**

***അതു തന്നെയാണ് രാഷ്ട്രീയ പാർട്ടിയെക്കുറിച്ച ആശങ്കയും. അതായത്, മഹത്തായ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന ഒരു പ്രസ്ഥാനം രാഷ്ട്രീയം എന്ന ചെളിക്കുണ്ടിലേക്ക് പ്രവേശിക്കുന്നതിനെ ജമാഅത്തിന്റെ ഏറ്റവും അടുത്ത സുഹൃത്തുക്കൾ പോലും പ്രയാസത്തോടെയാണ് നോക്കിക്കാണുന്നത്?***

ഇതിൽ ഒരു കാര്യം ആദ്യമേ വ്യക്തമാക്കേണ്ടതുണ്ട്. ജമാഅത്തെ ഇസ്‌ലാമി ഒരു രാഷ്ട്രീയ പാർട്ടി ആയി മാറാൻ പോവുകയല്ല. ജമാഅത്തിന്റെ ഹൽഖകൾ ബൂത്തു കമ്മറ്റികളാവുകയുമല്ല. മറിച്ച് ജമാഅത്ത് മുൻകൈയെടുത്ത് ഒരു ബഹുജന പ്രസ്ഥാനം രൂപീകരിക്കുകയാണ്. ജമാഅത്ത് അതിന്റെ പരിപാടികളും പദ്ധതികളും പൂർവാധികം ശക്തിയോടെ മുന്നോട്ട് കൊണ്ടുപോവും.

ഒരു മാറ്റം അനിവാര്യമാണെന്ന് നമുക്കെല്ലാവർക്കുമറിയാം. അത് ആഗ്രഹിക്കുന്ന വലിയൊരു ജനവിഭാഗവുമുണ്ട്. അവർ നീതിക്ക് വേണ്ടി കേഴുന്നവരാണ്. പുതിയൊരു പ്രഭാതം പ്രതീക്ഷിക്കുന്നവരാണ്. അവരെ നമുക്ക് നിരാശപ്പെടുത്താനൊക്കില്ല. പിന്നെ, രാഷ്ട്രീയം ചെളിക്കുണ്ടാണെന്ന് പറഞ്ഞ് പിന്തിരിഞ്ഞു നിൽക്കുകയല്ല സക്രിയമായ ഒരു പ്രസ്ഥാനം ചെയ്യേണ്ടത്. ചെളിക്കുണ്ടുകൾ തെളിനീരൊഴുകുന്ന അരുവികളാക്കി മാറ്റുകയാണ് നമ്മുടെ ദൗത്യം. നാം അത് ഏറ്റെടുത്തില്ലെങ്കിൽ പിന്നെ ആര് ഏറ്റെടുക്കും? അത് ഏറ്റെടുക്കാത്തതിന്റെ പേരിൽ ചരിത്രം നമ്മെ കുറ്റക്കാരെന്ന് വിധിച്ചാൽ നാം എങ്ങനെ ഒഴിഞ്ഞു മാറും?

***എങ്കിൽ ഇക്കാര്യത്തിൽ വളരെ നേരത്തെ തന്നെ ചുവടുകൾ എടുക്കാമായിരുന്നില്ലേ?***

ഏതൊരു പ്രസ്ഥാനത്തിനും ഒരു ക്രമപ്രവൃദ്ധതയുണ്ട്. ലോകത്തെങ്ങുമുള്ള ഇസ്‌ലാമിക പ്രസ്ഥാനങ്ങളെ പരിശോധിച്ചാൽ ഇത് മനസ്സിലാവും. ഇസ്‌ലാം അന്യമാക്കപ്പെട്ട കൊളോണിയലിസത്തിന്റെ ഘട്ടത്തിലാണ് ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ രൂപീകരിക്കപ്പെടുന്നത്. ഇസ്‌ലാമിനെയും ഇസ്‌ലാമിക സമൂഹത്തെയും കൊളോണിയലിസത്തിന്റെ വിപത്തുകളിൽ നിന്ന് മോചിപ്പിക്കുകയെന്നതായിരുന്നു അത് തുടക്കത്തിൽ ചെയ്തു കൊണ്ടിരുന്നത്. ബൗദ്ധിക രംഗത്ത് ആ വിഷയത്തിൽ ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ വിജയിച്ചു. മൃതമായ അവസ്ഥയിൽനിന്ന് ലോകത്തെ ഏറ്റവും സജീവമായ സാമൂഹിക യാഥാർഥ്യമായി ഇസ്‌ലാമിനെ വളർത്തിയെടുത്തത് ഇസ്‌ലാമിക പ്രസ്ഥാനങ്ങളാണ്. ഇന്ന് ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ ഒരു ആഗോള പ്രതിപക്ഷമാണ്. നോക്കൂ, ഒരു പത്തറുപത് വർഷങ്ങൾക്ക് മുമ്പ് സങ്കൽപിക്കാൻ കഴിയാത്ത കാര്യമായിരുന്നു അത്. ത്യാഗപൂർണ്ണവും സാഹസികവും എന്നാൽ അത്യന്തം ക്ഷമാപൂർവവുമായ ചുവടുകളിലൂടെയാണ് ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ ഈ അവസ്ഥയിലേക്ക് വന്നത്.

ഇന്ത്യയിലെ സ്ഥിതിയും നമുക്ക

പരിഗണിക്കപ്പെടേണ്ട ഒട്ടേറെ ഘടകങ്ങളുണ്ട് ഈ ചോദ്യത്തിൽ. ഒന്നാമതായി ന്യൂനപക്ഷമോ ഭൂരിപക്ഷമോ എന്നതല്ല ഒരു ദൗത്യം ഏറ്റെടുക്കുന്നതിന്റെ മാനദണ്ഡം. ഏറ്റെടുക്കുന്ന ദൗത്യം ആശയപരമായും ചരിത്രപരമായും പ്രസക്തമാണോ എന്നതാണ് അതിൽ പരിഗണിക്കപ്പെടേണ്ട കാര്യം. മുസ്‌ലിംകളുടെ എന്തെങ്കിലും സാമുദായിക ആവശ്യങ്ങൾ നേടിയെടുക്കാൻ വേണ്ടിയല്ല ജമാഅത്ത് രാഷ്ട്രീയ പ്രസ്ഥാനത്തിന് രൂപം നൽകുന്നത്. അങ്ങനെ സാമുദായികമായി സംഘടിച്ച് ആവശ്യങ്ങൾ നേടിയെടുത്തതിന്റെ ദുരന്തമാണ് വിഭജനത്തിലൂടെ നാം കണ്ടത്. അന്നേ ആ കാഴ്ചപ്പാടിനെ എതിർത്തു കൊണ്ടാണ് ജമാഅത്തും മൗദൂദിയും രംഗത്ത് വന്നത്. ആ സാമുദായിക രാഷ്ട്രീയം വീണ്ടും ആവർത്തിക്കുന്നത് വിഡ്ഢിത്തം മാത്രമേ ആകൂ എന്ന് ജമാഅത്ത് വിശ്വസിക്കുന്നു. ജമാഅത്തിന്റെ അഖിലേന്ത്യാ അമീർ തന്നെ സൂചിപ്പിച്ചതു പോലെ, നാം നീതിക്കു വേണ്ടി യാചിച്ചുനിൽക്കേണ്ട കൂട്ടരല്ല. മറ്റുള്ളവരുടെ നീതിക്കു വേണ്ടി എഴുന്നേറ്റ് നിൽക്കേണ്ടവരാണ്. ജനങ്ങൾക്കിടയിൽ, ഓരോ ചരിത്ര ഘട്ടത്തിലും ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ നിർവഹിച്ചത് അതാണ്. പ്രവാചകൻമാരുടെ പാതയും അതുതന്നെ.

ജമാഅത്തിന് ഇക്കാര്യത്തിൽ ആത്മവിശ്വാസമുണ്ട്. വലിയ പ്രവർത്തനാനുഭവവുമുണ്ട്. നോക്കൂ, ബാബരി മസ്ജിദ് തകർക്കപ്പെട്ടതിനെത്തുടർന്ന്, പ്രസ്ഥാനം നിരോധിക്കപ്പെട്ട സന്ദർഭത്തിലാണ് ജമാഅത്ത് എഫ്.ഡി.സി.എക്ക് രൂപംനൽകുന്നത്. രാജ്യമെമ്പാടും സാമുദായിക സ്പർധയും വിദ്വേഷവും കത്തിയുയരുന്ന സമയം. ജമാഅത്തെ ഇസ്‌ലാമിക്ക് നിരോധിക്കപ്പെട്ട ന്യായംപറഞ്ഞ് അലസമായി ഇരിക്കാമായിരുന്നു. അല്ലെങ്കിൽ സാമുദായികമായ ആ തീവ്ര സന്ദർഭത്തിൽ സമുദായ വികാരങ്ങളെ ജ്വലിപ്പിച്ച് ജനങ്ങളെ സംഘടിപ്പിക്കാമായിരുന്നു. അതിനുള്ള ആളും സംവിധാനവും ജമാഅത്തിന് ഇല്ലാഞ്ഞിട്ടല്ല. പക്ഷേ, എന്താണ് ജമാഅത്ത് ആ സന്ദർഭത്തിൽ ചെയ്തത്. രാജ്യത്തെ ഏറ്റവും പ്രഗൽഭരായ ന്യായാധിപന്മാരെയും മനുഷ്യാവകാശപ്രവർത്തകരെയും എഴുത്തുകാരെയും എല്ലാം ഉൾപ്പെടുത്തി വലിയൊരു സാംസ്കാരിക പ്രസ്ഥാനത്തിന് രൂപംനൽകുകയായിരുന്നു. അത് വലിയൊരു ജനകീയ പ്രസ്ഥാനമായിരുന്നു എന്നൊന്നും അവകാശപ്പെടുന്നില്ല. എന്നാലും അത്രയും കലുഷമായ ഒരു സന്ദർഭത്തിൽ നിരോധിക്കപ്പെട്ട നേരത്ത് ദൽഹിയിൽ രാജ്യത്തെങ്ങുമുള്ള തലമുതിർന്ന സാമൂഹിക പ്രവർത്തകരെയും ബുദ്ധിജീവികളെയും അണിനിരത്തി ഒരു സന്ദേശം നൽകാൻ ജമാഅത്തിന് സാധിച്ചു. എന്തെന്ത് കുപ്രചാരണങ്ങൾ നടത്തിയാലും ജമാഅത്തിനെ മനസ്സിലാക്കുന്നവരും അതിന്റെ വിളിക്കുത്തരം നൽകുന്നവരുമായ വലിയൊരു വിഭാഗം ഈ രാജ്യത്തുണ്ട്. ഇപ്പോൾ വിവിധ സംസ്ഥാനങ്ങളിൽ ജമാഅത്ത് നേതൃത്വത്തിൽ പ്രവർത്തിക്കുന്ന മനുഷ്യാവകാശ സംഘടനകൾ അതേ സന്ദേശം തന്നെയാണ് നൽകുന്നത്. മുസ്‌ലിം ഭീകരവേട്ട അരങ്ങുതകർക്കുന്ന സന്ദർഭത്തിലാണല്ലോ ഈയിടെ ജമാഅത്ത് രണ്ട് ദേശീയ ജാഥകൾ സംഘടിപ്പിച്ചത്. അതിന് മതഭേദമന്യേ പൊതുസമൂഹത്തിൽ നിന്ന് കിട്ടിയ സ്വീകാര്യതയും ഇതേ കാര്യംതന്നെയാണ് അടി

**ജമാഅത്തെ ഇസ്‌ലാമി ഒരു രാഷ്ട്രീയ പാർട്ടി ആയി മാറാൻ പോവുകയല്ല. ജമാഅത്തിന്റെ ഹൽഖകൾ ബൂത്തു കമ്മിറ്റികളാവുകയുമല്ല. മറിച്ച് ജമാഅത്ത് മുൻകൈയെടുത്ത് അതിന്റെ ആശീർവാദത്തിൽ ഒരു ബഹുജന പ്രസ്ഥാനം രൂപീകരിക്കുകയാണ്. ജമാഅത്ത് അതിന്റെ പരിപാടികളും പദ്ധതികളും പൂർവാധികം ശക്തിയോടെ മുന്നോട്ട് കൊണ്ടുപോവും.**

റിയാം. രാജ്യം കോളനി ശക്തികളിൽനിന്ന് സ്വാതന്ത്ര്യം നേടിയെങ്കിലും വിഭജനത്തിന്റെ മുറിപ്പാടുകളിൽ പെട്ട് വേദനിക്കുകയായിരുന്നു ഇന്ത്യയിലെ മുസ്‌ലിം സമൂഹം. തീർത്തും അനാഥമായ അവസ്ഥ. ഒരു പ്രസ്ഥാനം രൂപീകരിക്കുന്നതിനെക്കുറിച്ച് പോലും ആലോചിക്കാൻ പറ്റാത്ത സ്ഥിതി. അത്തരമൊരു തീക്ഷ്ണമായ സന്ദർഭത്തിലാണ് മഹാനായ അബുല്ലൈസ് സാഹിബിന്റെ അതിധീരമായ നേതൃത്വത്തിൽ ജമാഅത്തെ ഇസ്‌ലാമി ഹിന്ദ് രൂപീകരിക്കപ്പെടുന്നത്. ഇന്ത്യയിലെ മുസ്‌ലിം ബഹുജനത്തിന് ആത്മവിശ്വാസവും മാർഗദർശനവും നൽകുന്നതിൽ അത് ഏറെ ശ്രദ്ധയൂന്നി. രാഷ്ട്രീയ പങ്കാളിത്തം, രാഷ്ട്രീയ പാർട്ടി പോലുള്ള കാര്യങ്ങൾ ആലോചിക്കാൻ പോലും പറ്റുന്ന സന്ദർഭമായിരുന്നില്ല അത്. ജമാഅത്ത് അതിന്റെ പ്രവർത്തനങ്ങൾക്ക് വ്യക്തമായ മുൻഗണനകൾ നിശ്ചയിച്ചു. കാലത്തിന്റെ മുന്നോട്ടു പോക്കിനനുസരിച്ചും പ്രസ്ഥാനത്തിന്റെ വളർച്ചക്ക് അനുയോജ്യമായും അജണ്ടകൾ നിജപ്പെടുത്തി. തെരഞ്ഞെടുപ്പ് രാഷ്ട്രീയത്തിൽ പങ്കെടുക്കുകയെന്നത് 1966ൽ തന്നെ ജമാഅത്ത് കേന്ദ്ര നേതൃത്വം തത്ത്വത്തിൽ തീരുമാനിച്ചതാണ്. അടിയന്തരാവസ്ഥക്ക് ശേഷവും സ്വേഛാധിപത്യ വാഴ്ചക്കെതിരെ ജമാഅത്ത് തെരഞ്ഞെടുപ്പ് രാഷ്ട്രീയത്തെ ഉപയോഗപ്പെടുത്തി. ഫാസിസത്തിന്റെ വളർച്ച ഇന്ത്യൻ രാഷ്ട്രീയത്തിൽ കനത്തു വന്ന സന്ദർഭങ്ങളിൽ അൽപം കൂടി സജീവമായ ഇടപെടലുകൾ നടത്തി. ഈ ഇടപെടലുകളുടെയെല്ലാം സ്വാഭാവിക വളർച്ചയുടെ മറ്റൊരു ഘട്ടത്തിലാണ് ജമാഅത്ത് പുതിയൊരു തീരുമാനമെടുക്കുന്നത്.

***അതായത്, ജമാഅത്ത് വിഭാവന ചെയ്യുന്ന ഒരു രാഷ്ട്രീയ പ്രസ്ഥാനത്തിന് മണ്ണ് പാകമായിരിക്കുന്നുവെന്ന്?***

പ്രസ്ഥാനത്തിന്റെ ക്രമപ്രവൃദ്ധമായ വളർച്ചയെക്കുറിച്ച്, വിവിധ ഘട്ടങ്ങളെക്കുറിച്ച് ഞാൻ പറഞ്ഞു. അതേപോലെ ജനാധിപത്യത്തിന്റെ വളർച്ചക്കുമുണ്ട് അതിന്റേതായ ഘട്ടങ്ങൾ. ജനാധിപത്യത്തെ നിരന്തരം നവീകരിക്കുന്നതാണ് അതിൽ നടക്കുന്ന ഓരോ ഇടപെടലും. നമ്മുടെ ജനാധിപത്യം കാലങ്ങളായി വളരെക്കുറച്ചാളുകളുടെ ആധിപത്യമായിരുന്നു എന്ന് ഇന്ന് നാം തിരിച്ചറിയുന്നു. നാം കേൾക്കാത്ത ശബ്ദങ്ങൾ ധാരാളമുണ്ടായിരുന്നുവെന്ന സത്യം ഇന്ന് നാം മനസ്സിലാക്കുന്നു. അതായത്, നിശ്ശബ്ദരാക്കപ്പെട്ടവർ ശബ്ദിച്ചു തുടങ്ങുന്ന ഒരു ഘട്ടത്തിലാണ് നാം ഇന്നുള്ളത്. ജനാധിപത്യത്തിന്റെ വളർച്ചയുടെ ഒരു ഘട്ടമാണിത്. ആ ഘട്ടത്തെ പ്രതിനിധീകരിക്കുക എന്ന കടമയാണ് നമ്മുടെ പ്രസ്ഥാനം ഏറ്റെടുക്കുന്നത്.

***ഇന്ത്യ പോലുള്ള, മുസ്‌ലിംകൾ ന്യൂനപക്ഷമായ ഒരു രാജ്യത്ത് ഒരു ഇസ്‌ലാമിക പ്രസ്ഥാനം എങ്ങനെ ഇത് നിർവഹിക്കുമെന്ന ചോദ്യമുണ്ട്. ഒപ്പം അത് സമൂഹത്തിൽ സാമുദായിക വിഭജനങ്ങൾ വർധിപ്പിക്കുകയേ ഉള്ളൂ എന്ന് നമ്മുടെ നാട്ടിൽ നിന്നുതന്നെ വിമർശനങ്ങൾ ഉയർന്നുവന്നിട്ടുണ്ട്?***

വരയിടുന്നത്.

***ജമാഅത്ത് അടിസ്ഥാനപരമായി ഒരു മുസ്‌ലിം സംഘടനയാണെന്നത് നിഷേധിക്കാൻ കഴിയില്ല. മുസ്‌ലിം സമൂഹത്തിന്റെ മുഖ്യധാരയിൽ ഇടംകിട്ടിയില്ല എന്ന് പറയപ്പെടുന്ന ഒരു സംഘടനക്ക് ആ സമുദായത്തിൽ നിന്ന് രാഷ്ട്രീയ പിന്തുണ പ്രതീക്ഷിക്കാൻ കഴിയുമോ?***

മുസ്‌ലിം മുഖ്യധാര എന്നത് അവ്യക്തവും അമൂർത്തവുമായ ഒരു കാഴ്ചപ്പാടാണ്. ഏതൊരു സമൂഹത്തിലെന്നതുപോലെ മുസ്‌ലിംകൾക്കിടയിലും അനവധി ധാരകളുണ്ട്. തീർച്ചയായും അതിൽ ഏറ്റവും പ്രസക്തമായ ഒരു ധാരയെയാണ് ജമാഅത്ത് പ്രതിനിധീകരിക്കുന്നത്. അതേ സമയം, വിവിധ ധാരകൾക്കിടയിൽ പരമാവധി സംയോജനം സാധ്യമാക്കാനും അത് പരിശ്രമിക്കുന്നു.

**രാഷ്ട്രീയം ചെളിക്കുണ്ടാണെന്ന് പറഞ്ഞ് പിന്തിരിഞ്ഞു നിൽക്കുകയല്ല സക്രിയമായ ഒരു പ്രസ്ഥാനം ചെയ്യേണ്ടത്. ചെളിക്കുണ്ടുകൾ ഒഴുകുന്ന അരുവികളാക്കി മാറ്റുകയാണ് നമ്മുടെ ദൗത്യം. നാം അത് ഏറ്റെടുത്തില്ലെങ്കിൽ പിന്നെ ആര് ഏറ്റെടുക്കും? അത് ഏറ്റെടുക്കാത്തതിന്റെ പേരിൽ ചരിത്രം നമ്മെ കുറ്റക്കാരെന്ന് വിധിച്ചാൽ നാം എങ്ങനെ ഒഴിഞ്ഞു മാറും?**

സമുദായത്തിലെ ജീർണ്ണതകൾക്കെതിരെ ജമാഅത്ത് നവോത്ഥാന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. ഇതിൽ ചകിതരായ പാരമ്പര്യ യാഥാസ്ഥിതിക വാദികളാണ് മുഖ്യധാര എന്ന വ്യാജ കാഴ്ചപ്പാട് കൊണ്ടുവരുന്നത്. എന്നാൽ ഇന്ത്യയിലെ മുസ്‌ലിം സമൂഹത്തിന്റെ മുന്നോട്ടുപോക്കിൽ നേതൃപരമായ പങ്കു വഹിക്കുന്ന പ്രസ്ഥാനമാണ് ജമാഅത്ത്. മുമ്പ്, ഇന്ത്യൻ മുസ്‌ലിംകളുടെ പൊതുവേദിയായ മജ്‌ലിസെ മുശാവറ രൂപീകരിക്കുന്നതിൽ ജമാഅത്താണ് മുൻകൈ എടുത്തത്. വ്യക്തിനിയമത്തിന്റെ പ്രശ്നം വന്നപ്പോൾ മുസ്‌ലിം പേഴ്സനൽ ലോ ബോർഡ് ഉണ്ടായി. അതിലും ജമാഅത്തിന്റെ നേതൃപരമായ പങ്ക് ആർക്കും നിഷേധിക്കാൻ കഴിയില്ല. ഏറ്റവും അവസാനം വ്യാജ ഏറ്റുമുട്ടലുകളുടെ ഘട്ടത്തിൽ അതിശക്തമായ പ്രതിഷേധവുമായി മുസ്‌ലിം സംഘടനകളുടെ കോ ഓർഡിനേഷൻ കമ്മിറ്റിയുണ്ടായി. ജമാഅത്തിന്റെ കേന്ദ്ര ആസ്ഥാനത്താണ് ആ കമ്മിറ്റി രൂപംകൊണ്ടതെന്ന് ആരും മറക്കരുത്. ഇന്ത്യയിലെ പാരമ്പര്യ മുസ്‌ലിംകളുടെ ഏറ്റവും വലിയ സംഘടനയായ ജംഇയ്യത്തുൽ ഉലമായിൽ പിളർപ്പ് രൂപപ്പെട്ടപ്പോൾ അതിൽ മധ്യസ്ഥം വഹിക്കുന്നത് ജമാഅത്ത് അമീറാണ്. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ സജീവമായ മുസ്‌ലിം പൊതു വേദികളുണ്ട്. രാജസ്ഥാനിലെ മുസ്‌ലിം ഫോറം, ഝാർഖണ്ഡിലെ മില്ലി യുനൈറ്റഡ് ഫ്രണ്ട്, കർണാടകയിലെ മുത്തഹിദ മഹാസ്, ആന്ധ്രയിലെ മുസ്‌ലിം യുനൈറ്റഡ് ഫ്രണ്ട് തുടങ്ങിയവ. ഇതിന്റെയെല്ലാം നേതൃസ്ഥാനത്തുള്ളത് അതാതിടങ്ങളിലെ ജമാഅത്ത് അമീറുമാരാണ്. യു.പിയിൽ ഈയിടെ മൗലാനമാരുടെ നേതൃത്വത്തിൽ മുസ്‌ലിം രാഷ്ട്രീയ പാർട്ടികൾ ദിനേനയെന്നോണം രൂപപ്പെടാൻ തുടങ്ങിയപ്പോൾ അവക്കിടയിൽ ഐക്യവും കോ-ഓർഡിനേഷനും ഉണ്ടാക്കാൻ ഓടിനടക്കുന്നത് അവിടത്തെ ജമാഅത്ത് നേതൃത്വമാണ്. ദേശീയവും വിശാലവുമായ കാഴ്ചപ്പാടുള്ള ഒരു പ്രസ്ഥാനമാണിത്. ഈ കാഴ്ചപ്പാടില്ലാത്തവർ കേരളം തന്നെയാണ് ഉലകം എന്നു കരുതുമ്പോഴാണ് താങ്കൾ സൂചിപ്പിച്ചതു പോലുള്ള വിമർശനങ്ങൾ വരുന്നത്. ■